**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4973** **01-11-2021 - ൽ മറുപടിയ്ക്ക്**

**പാറമടകൾ ഉൾപ്പെടെയുള്ള ജലാശയങ്ങളിൽ സംരക്ഷണ വേലി കെട്ടുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. പി . ഉബൈദുള്ള | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാറമടകൾ ഉൾപ്പെടെയുള്ള ജലാശയങ്ങളിൽ അപകടത്തിൽപ്പെട്ട് മരണപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അവയ്ക്ക് ആവശ്യമായ സംരക്ഷണവേലി കെട്ടണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; | (ബി) | പാറമടകൾ, ജലാശയങ്ങൾ എന്നിവയ്ക്ക് വേലി കെട്ടി സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും തഹസീൽദാർമാർക്കും നിർദ്ദേശം നൽകുകയും ഇപ്രകാരമുള്ള സ്ഥലങ്ങളിൽ സംരക്ഷണ വേലി കെട്ടാൻ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ മുഖാന്തിരം ഭൂവുടമകൾക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ ഉപേക്ഷിക്കപ്പെട്ടതും അപകട ഭീഷണിയുള്ളതുമായ പാറമടകളുടെ കൈവശക്കാരുടെ വിവരങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പാറമടകളിലെ ജലാശയങ്ങൾക്ക് ചുറ്റം, സുരക്ഷാവേലിയും, അപകട സൂചന ബോർഡും സ്ഥാപിക്കുന്നതിന് ക്വാറി ഉടമകൾക്ക് ജിയോളജിസ്റ്റിന്റെ ഓഫീസിൽ നിന്നും നിർദ്ദേശം നൽകുന്നുണ്ട്. അവ പാലിക്കപ്പെടുന്നുണ്ടോ എന്ന് ജില്ലാ ദുരന്ത നിവാരണ യോഗം ചേർന്ന് ജില്ലാ ജിയോളജിസ്റ്റ് മുഖേന പരിശോധിക്കാറുള്ളതുമാണ്. |
| (സി) | ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാമോ? | (സി) | പാറമടകൾ, ജലാശയങ്ങൾ എന്നിവയ്ക്ക് വേലി കെട്ടി സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും തഹസീൽദാർമാർക്കും നിർദ്ദേശം നൽകുകയും ഇപ്രകാരമുള്ള സ്ഥലങ്ങളിൽ സംരക്ഷണ വേലി കെട്ടാൻ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ മുഖാന്തിരം ഭൂവുടമകൾക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ ഉപേക്ഷിക്കപ്പെട്ടതും അപകട ഭീഷണിയുള്ളതുമായ പാറമടകളുടെ |

| | | | |
|---|---|---|---|
| | | | കൈവശക്കാരുടെ വിവരങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.   പാറമടകളിലെ ജലാശയങ്ങൾക്ക് ചുറ്റും, സുരക്ഷാവേലിയും, അപകട സൂചന ബോർഡും സ്ഥാപിക്കുന്നതിന് ക്വാറി ഉടമകൾക്ക് ജിയോളജിസ്റ്റിന്റെ ഓഫീസിൽ നിന്നും നിർദ്ദേശം നൽകുന്നുണ്ട്. അവ പാലിക്കപ്പെടുന്നുണ്ടോ എന്ന് ജില്ലാ ദുരന്ത നിവാരണ യോഗം ചേർന്ന് ജില്ലാ ജിയോളജിസ്റ്റ് മുഖേന പരിശോധിക്കാറുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ